**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.07.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. കാലാവസ്ഥ വ്യതിയാനത്തെ നേരിടാൻ അടിയന്തര നടപടി വേണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

   **Vice President Jagdeep Dhankhar emphasizes the need for urgent action to tackle climate change.**

2. ലോക പൈതൃക സമിതിയുടെ 46-ാം സമ്മേളനത്തിന് നാളെ ന്യൂഡൽഹിയിൽ തുടക്കമാവും ; പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi to inaugurate the 46th session of the World Heritage Committee tomorrow in New Delhi.**

3. സാങ്കേതിക വിദ്യാഭ്യാസമേഖലയുടെ പുരോഗതി കേന്ദ്രസർക്കാരിന്റെ പ്രഥമപരിഗണനയെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav says that the progress of the technical education sector is the first priority of the Central Government.**

4. ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിൽ കനത്ത മഴയെ തുടർന്ന് പ്രളയ സമാന സാഹചര്യം ; വടക്കൻ കേരളത്തിൽ മഴക്കെടുതി രൂക്ഷമായി തുടരുന്നു.

   **Flood-like situation following heavy rains in Andhra Pradesh and Gujarat ; Rainfall continues to be severe in North Kerala.**

5. വനിതാ ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ പാകിസ്ഥാനെ ഇന്ത്യ ഏഴ് വിക്കറ്റിന് തകർത്തു.

   **India beat Pakistan by seven wickets in Women's Asia Cup Twenty20 Cricket.**

************************************************

## HEADLINE-1
## VICE PRESIDENT (INTRO)

കാലാവസ്ഥ വ്യതിയാനത്തെ നേരിടാൻ അടിയന്തര നടപടി വേണമെന്ന് ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻകർ. കാലാവസ്ഥ വ്യതിയാനം കാരണമുണ്ടാകുന്ന ഉയർന്ന സമുദ്രജലനിരപ്പ്, വരൾച്ച, കാട്ടുതീ, അപ്രതീക്ഷിതയമായി ഉണ്ടാകുന്ന കൊടുങ്കാറ്റ് എന്നിവ ലോകത്തെ ജനജീവിതത്തെ സാരമായി ബാധിക്കുന്നതായും അദ്ദേഹം പറഞ്ഞു. ന്യൂ ഡൽഹിയിൽ പി എച് ഡി ചേംബർ ഓഫ് കോമേഴ്‌സ് ആൻഡ് ഇൻഡസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന നാലാമത് അന്താരാഷ്ട്ര കാലാവസ്ഥ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**വിശദാംശങ്ങളിലേക്ക്....**

(വോയിസ്)

*കാലാവസ്ഥ വ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രതികൂലസാഹചര്യങ്ങൾ ഭക്ഷ്യസുരക്ഷയെയും ജൈവവൈവിധ്യത്തെയും സാരമായി ബാധിക്കുന്നതായി ഉപരാഷ്ട്രപതി പറഞ്ഞു. 'വികസിത ഭാരതത്തിനായി ജൈവോർജ്ജം' എന്നതായിരുന്നു ഉച്ചകോടിയുടെ ഇ വർഷത്തെ പ്രമേയം. റെഡ്യൂസ്, റീയൂസ്, റീസൈക്കിൾ എന്നത് കുറവ് വരുത്തുക, പുനരുപയോഗിക്കുക, പുന:ചംക്രമണം ചെയ്യുക എന്ന ആശയങ്ങളായി മാത്രം ഒതുങ്ങരുതെന്നും അവ ഫലപ്രദമായി പ്രാവർത്തികമാക്കണമെന്നും ശ്രീ ധൻകർ വ്യക്തമാക്കി. കാലാവസ്ഥാവ്യതിയാനത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യ നേതൃനിരയിലാണ്. 2030 ഓടെ രാജ്യത്തെ ആകെ വൈദ്യുതോദ്പാദനത്തിൻറെ 50 ശതമാനം പാരമ്പര്യേതര ഊർജ്ജത്തിൽനിന്നാകണമെന്നും ഇത് 2070 ഓടെ നൂറു ശതമാനമായി ഉയർത്തണമെന്നുമാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും ശ്രീ ധൻകർ വ്യക്തമാക്കി.*
*ന്യൂസ് ഡെസ്ക് ആകാശവാണി......*

**************************************************

## HEADLINE-2
## INDIA-WORLD HERITAGE

ലോക പൈതൃക സമിതി സമ്മേളനത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നതിലൂടെ രാജ്യത്തിന്റെ സാംസ്കാരിക മഹത്വം പുതിയ ഉയരങ്ങളിലേക്ക് എത്തുമെന്ന് കേന്ദ്ര സാംസ്കാരിക ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കുന്ന ലോക പൈതൃക സമിതിയുടെ 46ാമത് സമ്മേളനത്തിന് മുന്നോടിയായി നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ ആദ്യമായി ആതിഥേയത്വം വഹിക്കുന്ന പരിപാടി, പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും. യുനെസ്കോയുടെ ഡയറക്ടർ ജനറൽ മാഡം ഓഡ്രി അസോലെ, യുനെസ്കോ ലോക പൈതൃക സെക്രട്ടേറിയറ്റിലെ മുതിർന്ന ഉദ്യോഗസ്ഥർ, സാംസ്കാരിക മന്ത്രിമാർ, അംബാസഡർമാർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും. സമ്മേളനം ഈ മാസം 31ന് സമാപിക്കും.

**************************************************

## HEADLINE-3
## VAISHNAV-TECHNICAL EDUCATION

സാങ്കേതിക വിദ്യാഭ്യാസമേഖലയുടെ പുരോഗതി കേന്ദ്രസർക്കാരിന്റെ പ്രഥമപരിഗണനകളിലൊന്നാണെന്നു കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ നൂതനാശയങ്ങളുമായി മുന്നോട്ടു വരണം. മുംബൈയിൽ മഹാരാഷ്ട്ര സാങ്കേതിക-ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനായി എല്ലാവിധ സൗകര്യങ്ങളും കേന്ദ്രസർക്കാർ നൽകുമെന്നും ശ്രീ വൈഷ്ണവ് വ്യക്തമാക്കി.

**************************************************

## PARLIAMENT BILL

പാർലമെന്റിന്റെ വർഷകാലസമ്മേളനത്തിന് തിങ്കളാഴ്ച തുടക്കമാവും. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ ചൊവ്വാഴ്ച അവതരിപ്പിക്കും. ദുരന്തനിവാരണ നിയമ ഭേദഗതി ഉൾപ്പെടെ ആറ് ബില്ലുകൾ വർഷകാല സമ്മേളനത്തിൽ അവതരിപ്പിക്കും. വ്യോമയാന മേഖലയിലെ വാണിജ്യ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള, ഭാരതീയ വായുയാൻ വിധേയക് ബില്ലും ഇതിൽ ഉൾപ്പെടുന്നു. 1934- ലെ എയർക്രാഫ്റ്റ് ആക്ടിന് പകരമാണ് ബിൽ കൊണ്ടുവരുന്നത്.

**************************************************

## PM MODI-VIETNAM LEADER

വിയറ്റ്നാം നേതാവ് ഗുയെൻ ഫു ട്രോങ്ങിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. ദുഃഖത്തിന്റെ ഈ വേളയിൽ വിയറ്റ്നാമിലെ ജനങ്ങളോടും നേതൃത്വത്തോടും ഇന്ത്യ ഐക്യദാർഢ്യത്തോടെ നിലകൊള്ളുന്നുവെന്ന് പ്രധാനമന്ത്രി സന്ദേശത്തിൽ പറഞ്ഞു. വിയറ്റ്നാമിലെ ഭരണകക്ഷിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയും മുതിർന്ന നേതാവുമായിരുന്ന ഗുയെൻ ഫു ട്രോങ് ഇന്നലെയാണ് അന്തരിച്ചത്. 80 വയസ്സായിരുന്നു.

**************************************************

## HEADLINE-4A
## REV GUJARAT-FLOODS

ഗുജറാത്തിൽ, സൗരാഷ്ട്രയുടെ തീരദേശ ജില്ലകളിൽ കഴിഞ്ഞ രണ്ട് ദിവസമായി തുടരുന്ന കനത്ത മഴയിൽ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഇതിനെ തുടർന്ന് പോർബന്തർ, ദേവഭൂമി ദ്വാരക ജില്ലകളിലെ ജനജീവിതം താറുമാറായി. 57 ഗ്രാമങ്ങളെയാണ് പ്രളയം ബാധിച്ചത്. ഇവിടെ ദേശീയ-സംസ്ഥാന ദുരന്ത സേനകളുടെ 10 സംഘങ്ങളെ വീതം വിന്യസിച്ചു. വെള്ളപ്പൊക്കത്തിൽ കുടുങ്ങിയ 45 പേരെ രക്ഷപ്പെടുത്തി. 400 ഓളം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ഒമ്പത് സംസ്ഥാനപാതകളടക്കം 200-ലധികം റോഡുകൾ തകർന്നു. 350 ലധികം ഗ്രാമങ്ങളിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടു.

സംസ്ഥാനത്തെ 13 അണക്കെട്ടുകളിൽ അതീവ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. അടുത്ത രണ്ട് ദിവസങ്ങളിൽ കനത്തതോ അതിശക്തമായതോ ആയ മഴയ്ക്ക് സാധ്യത യുള്ള സൗരാഷ്ട്രയിലെയും ദക്ഷിണ ഗുജറാത്തിലെയും ഒമ്പത് ജില്ലകളിൽ ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് റെഡ് അലർട്ട് പ്രഖ്യാപിച്ചു.

**********************************************

## HEADLINE-4B
## ANDHRA PRADESH RAIN

ആന്ധ്രാപ്രദേശിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപക മഴ തുടരുന്നു. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദത്തെ തുടർന്ന് സംസ്ഥാനത്ത് പശ്ചിമ-ദക്ഷിണ ഗോദാവരി ജില്ലകളിൽ നദികൾ കരകവിഞ്ഞൊഴുകുകയാണ്. കോയമദാരത്ത് കുടുങ്ങിയ 28 പേരെ ഇന്ത്യൻ നാവികസേന രക്ഷപ്പെടുത്തി. മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു സംസ്ഥാനത്തെ പ്രളയക്കെടുതി അവലോകനം ചെയ്തു.

**********************************************

## HEADLINE-4C
## RAIN WARNING

കേരളത്തിൽ വടക്കൻ ജില്ലകളിൽ മഴക്ക് നേരിയ ശമനം ഉണ്ടെങ്കിലും മഴക്കെടുതി രൂക്ഷമായി തുടരുകയാണ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. സംസ്ഥാനത്ത് അടുത്ത നാലു ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം. കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ പ്രത്യേക ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

**********************************************

## KARNATAKA - LAND SLIDING

കർണാടകയിലെ ഷിരൂരിൽ ദേശീയപാതയിലുണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് മണ്ണിനടിയിൽപ്പെട്ട കോഴിക്കോട് സ്വദേശി അർജുന് വേണ്ടിയുള്ള തെരച്ചിൽ തുടരുകയാണ്. തെരച്ചിലിനായി റഡാർ അടക്കമുള്ള ഉപകരണങ്ങൾ എത്തിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. നാവികസേന, ദേശീയ സംസ്ഥാന ദുരന്ത പ്രതികരണ സേനകൾ, പൊലീസ്, അഗ്നിശമനസേന ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിലാണ് തെരച്ചിൽ.

************************************************

## MICROSOFT

ആഗോളപ്രവർത്തന തകരാറുമായി ബന്ധപെട്ട് കേന്ദ്രസർക്കാർ മൈക്രോസോഫ്റ്റുമായി ആശയവിനിമയം നടത്തിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. തടസ്സത്തിൻറെ കാരണം തിരിച്ചറിഞ്ഞതായും പ്രശ്നം പരിഹരിക്കുന്നതിനുള്ള അപ്ഡേറ്റുകൾ പുറത്തുവിട്ടിട്ടുണ്ടെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ശൃംഖലയെ ഇത് ബാധിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

************************************************

## HEADLINE-5
## CRICKET

വനിതാ ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ പാകിസ്ഥാനെ ഇന്ത്യ ഏഴ് വിക്കറ്റിന് തകർത്തു. ഇന്നലെ നടന്ന ഗ്രൂപ്പ് എ മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത പാക്കിസ്ഥാനെ ഇന്ത്യ 19.2 ഓവറിൽ 108 റൺസിൽ പുറത്താക്കി. മറുപടി ബാറ്റിംഗിൽ മൂന്ന് വിക്കറ്റ് മാത്രം നഷ്ടപ്പെട്ട ഇന്ത്യ 14.1 ഓവറിൽ മത്സരം വിജയിച്ചു. ഏഷ്യാ കപ്പ് വനിതാ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ നടക്കും. ഉച്ചകഴിഞ്ഞ് 2 ന് നടക്കുന്ന ആദ്യ മത്സരത്തിൽ മലേഷ്യ-തായ്‌ലൻഡിനെ നേരിടും. രാത്രി ഏഴിന് നടക്കുന്ന രണ്ടാം മത്സരം ശ്രീലങ്കയും ബംഗ്ലാദേശും തമ്മിലാണ്.

************************************************

## OLYMPICS

പാരീസ് ഒളിമ്പിക്സിനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. വിവിധ രാജ്യങ്ങളിൽ നിന്നും കായികതാരങ്ങൾ ഫ്രാൻസിലേക്ക് എത്തിത്തുടങ്ങി. അന്താരാഷ്ട്ര ഒളിമ്പിക് സമിതി പ്രസിഡന്റ് തോമസ് ബാക്ക് കായികപ്രതിഭകളെ പാരിസിലേക്ക് സ്വാഗതം ചെയ്തു. 10,500 ഓളം അത്ലറ്റുകളാണ് ഇക്കുറി ഒളിമ്പിക്സിൽ പങ്കെടുക്കുന്നത്. ഈ മാസം 26 മുതൽ ഓഗസ്റ്റ് 11 വരെയാണ് പാരീസ് ഒളിമ്പിക്സ്.

***********************************************

## NATIONAL MOONS DAY

ഇന്ന് ദേശീയ ചാന്ദ്ര ദിനം. 1969 ജൂലൈ 20 നാണു ആദ്യമായി മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങുന്നത്. അമേരിക്കൻ ബഹിരാകാശ യാത്രികനായ നീൽ ആംസ്ട്രോങ് ഇതോടെ ചരിത്രത്തിന്റെ ഭാഗമായി.

***********************************************

## AMIT SHAH-JHARKHAND

കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് ഝാർഖണ്ഡിലെ റാഞ്ചിയിൽ സംസ്ഥാന ബിജെപി ഘടകത്തിന്റെ പ്രവർത്തക സമിതി യോഗത്തിൽ പങ്കെടുക്കും. ലോക്സഭാ തിരഞ്ഞെടുപ്പിലെ പാർട്ടിയുടെ പ്രവർത്തനം വിശകലനം ചെയ്യുന്ന ശ്രീ ഷാ, ബി ജെ പി പ്രവർത്തകരുമായി ആശയവിനിമയം നടത്തും. ഝാർഖണ്ഡ് നിയമസഭയിലേക്ക് ഈ വർഷം അവസാനം നടക്കുന്ന തിരഞ്ഞെടുപ്പിന് മുന്നോടിയായാണ് അമിത് ഷായുടെ സന്ദർശനം.

***********************************************

## REV. FORIEGN SECY BHUTAN

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുടെ രണ്ട് ദിവസത്തെ ഭൂട്ടാൻ സന്ദർശനം പുരോഗമിക്കുന്നു. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേയുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം ഭൂട്ടാന്റെ വികസനത്തനുള്ള ഇന്ത്യയുടെ ഐക്യദാർഢ്യം അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള വിഷയങ്ങളും കൂടിക്കാഴ്ചയിൽ

ചർച്ചയായി. തുടർന്ന് ഭൂട്ടാൻ വിദേശകാര്യ മന്ത്രിയെയും മിസ്രി സന്ദർശിച്ചു. ഔദ്യോഗിക സന്ദർശനത്തിനായി വിക്രം മിസ്രി ഇന്നലെയാണ് ഭൂട്ടാനിലെ തിമ്പുവിലെത്തിയത്.

*************************************************

## GOVT-MOISTURE METERS

ധാന്യങ്ങളിലും എണ്ണക്കുരുക്കളിലും ഈർപ്പത്തിന്റെ അളവ് അളക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങൾ സംബന്ധിച്ച കരട് നിയമങ്ങളെക്കുറിച്ച് സർക്കാർ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രതിനിധികളുമായി ചർച്ച നടത്തി. ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി നിധി ഖാരെയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിലാണ് ഇക്കാര്യം ചർച്ചയായത്. ധാന്യങ്ങൾ, എണ്ണക്കുരുക്കൾ തുടങ്ങിയവയിലെ ഈർപ്പം അളക്കുന്നത് അവയുടെ ഗുണനിലവാരവും സംഭരണ കാലവും നിശ്ചയിക്കുന്നതിന് സഹായകരമാകും.

*

*********************************

***************************************************************